പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം
(വി.എച്ച്.എസ്.ഇ വിഭാഗം)
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം –695001
**ഫോൺ– 0471-2325323**
**e-mail:vhsefin.audit@gmail.com**

നമ്പർ:–F/2884/2021(2) തീയതി:17/06/2021

# പരിപത്രം –3/2021/vhsefin

വിഷയം:–പൊതുവിദ്യാഭ്യാസ വകുപ്പ് (വി.എച്ച്.എസ്.ഇ വിഭാഗം)–കോഷൻ ഡെപ്പോസിറ്റ് തുക വിതരണം–സംബന്ധിച്ച്

സൂചന:–

സ്കൂൾ അഡ്മിഷൻ സമയത്ത് കുട്ടികളിൽ നിന്നും ശേഖരിക്കുന്ന കോഷൻ ഡെപ്പോസിറ്റ് തുക യഥാസമയം തിരികെ നൽകാതിരിക്കുന്നതായി വിവിധ ആഭ്യന്തര/ മിന്നൽ പരിശോധനകളിൽ കണ്ടെത്തിയിരുന്നു.

കോഷൻ ഡെപ്പോസിറ്റ് തുക വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. 2016–17 അക്കാദമിക് വർഷം വരെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ഇനിയും വിതരണം ചെയ്യാത്ത കോഷൻ ഡെപ്പോസിറ്റ് തുകകൾ പി.ഡി അക്കൗണ്ടിൽ നിന്നും പിൻവലിച്ച് 0202–01–102–92 അദർ റസീപ്റ്റ്സ് എന്ന ശീർഷകത്തിൽ 30/06/2021 ന് മുമ്പ് ട്രഷറിയിൽ ഒടുക്കേണ്ടതും ടി തുക സംബന്ധിച്ച വർഷം/ കോഴ്സ് തിരിച്ചുള്ള കണക്ക് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

2. 2017–18 വർഷം അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ഇനിയും വിതരണം ചെയ്യാത്ത കോഷൻ ഡെപ്പോസിറ്റ് തുകകൾ 31/03/2022 ന് മുമ്പ് അവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

3. കോഴ്സ് പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രത്യേകം അപേക്ഷ വാങ്ങാതെ തന്നെ അർഹമായ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് BIMS പ്രൊസീഡിംഗ്സ് മുഖേന തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

4. കോഷൻ ഡെപ്പോസിറ്റ് വിതരണത്തിനായി യാതൊരു കാരണവശാലും പി.ഡി അക്കൗണ്ടിൽ നിന്നും പണമായി പിൻവലിക്കുവാൻ പാടില്ല.

Mohan Kumar N

Digitally signed by Mohan Kumar N
Date: 2021.06.24 15:22:42 +05'30'

ഫിനാൻസ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:–

(1) എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും ( കൊല്ലം/ചെങ്ങന്നൂർ/എറണാകുളം/തൃശ്ശൂർ/കുറ്റിപ്പുറം/വടകര/പയ്യന്നൂർ) ആഭ്യന്തര പരിശോധനയിൽ കോഷൻ ഡെപ്പോസിറ്റ് തുക സംബന്ധിച്ച വിശദമായ പരിശോധന നടത്തുന്നതിനായി
(2)എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർക്കും അറിവിലേക്കും അടിയന്തിര നടപടികൾക്കുമായി
(3) ജൂനിയർ സൂപ്രണ്ട്, ഓഡിറ്റ് വിഭാഗം.
(4) D1,D2 സെക്ഷൻ.
(5) വി.എച്ച്.എസ്.ഇ. വെബ്സൈറ്റ്.